ജയിലാസ്ഥാനകാര്യാലയം,
തിരുവനന്തപുരം – 12,
തീയതി: 06/07/2019.

<u>സർക്കുലർ നം: 32</u>

വിഷയം: ജയിലുകൾ - ജയിലാസ്ഥാനകാര്യാലയം - വൈദ്യുതി ചാർജ്ജും വെള്ളത്തിൻറെ ചാർജ്ജും കുറയ്ക്കുന്നത് - സംബന്ധിച്ച്.

സംസ്ഥാനത്ത് മഴയുടെ ലഭ്യതക്കുറവുമൂലം വെള്ളം, വൈദ്യുതി എന്നിവയ്ക്ക് ദൗർലഭ്യം നേരിടുന്ന അവസ്ഥയാണ് ഇപ്പോൾ നിലവിലുള്ളത്. ആയതിനാൽ ജയിലാസ്ഥാനകാര്യാലയത്തിലും ജയിൽ സ്ഥാപനങ്ങളിലുമുള്ള ജീവനക്കാർ വെള്ളം, വൈദ്യുതി എന്നിവയുടെ ഉപയോഗം കുറയ്ക്കുന്നതിലേയ്ക്കായി താഴെ പറയുന്ന കാര്യങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

1. എ.സി. നിലവിലുള്ള സ്ഥാപനങ്ങളിൽ ഇതിൻറെ ഉപയോഗം പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്. എ.സി.യ്ക്കു പകരം ഫാൻ ഉപയോഗിക്കാവുന്നതാണ്.
2. ഫാൻ, ലൈറ്റ് എന്നിവയുടെ ഉപയോഗം കഴിഞ്ഞാലുടൻതന്നെ ഓഫ് ചെയ്യേണ്ടതാണ്.
3. ഉദ്യോഗസ്ഥർ റൂമിൽനിന്നും പുറത്തു പോകുന്ന സമയത്ത് ഫാനും ലൈറ്റും ഓഫ് ചെയ്യാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
4. വൈദ്യുതി, വെള്ളം എന്നിവയുടെ ഉപയോഗം പരമാവധി കുറച്ച് വൈദ്യുതി ചാർജ്ജ്, വെള്ളക്കരം എന്നിവ കുറയ്ക്കാൻ സ്ഥാപന മേധാവികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

വകുപ്പദ്ധ്യക്ഷൻ ജയിലാസ്ഥാനകാര്യാലയത്തിൽ ചാർജ്ജെടുത്തതിനുശേഷം എ.സി., ഫാൻ, ലൈറ്റ് എന്നിവയുടെ ഉപയോഗം പരിമിതപ്പെടുത്തിയതുമൂലം വൈദ്യുതി ചാർജ്ജിനത്തിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെടുത്തുന്നു. ആയതിനാൽ എല്ലാ സ്ഥാപനമേധാവികളും മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ കർശനമായി പാലിച്ച് ബില്ലുകളിൽ വരുന്ന വ്യത്യാസം ആസ്ഥാനകാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഋഷിരാജ് സിംഗ് ഐ.പി.എസ്.
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്.

എല്ലാ ജയിൽ സ്ഥാപനമേധാവികൾക്കും.
ആസ്ഥാന കാര്യാലയത്തിലെ എല്ലാ ജീവനക്കാർക്കും.

പകർപ്പ്: അക്കൗണ്ട്സ് ഓഫീസർ.